കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 05.08.2023 മുതൽ 09.08.2023 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 31/2023,(62) വെള്ളിയാഴ്ച്ച | തീയ്യതി 04/08/2023 |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2023 ജൂലൈ 29 മുതൽ ഓഗസ്റ്റ് 04 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം (2023 ഓഗസ്റ്റ് 05 മുതൽ ഓഗസ്റ്റ് 09 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 29/07 | 30/07 | 31/07 | 01/08 | 02/08 | 03/08 | 04/08 | തീയ്യതി | 05/08 | 06/08 | 07/08 | 08/08 | 09/08 |
| 0.5 | 0.0 | 0.8 | 12.3 | 0.0 | 0.0 | 3.9 | മഴ (മില്ലീമീറ്റർ) | 4 | 4 | 5 | 5 | 4 |
| 30.6 | 31.5 | 31.4 | 31.4 | 31.9 | 31.7 | 31.4 | ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| 23.7 | 23.6 | 24.0 | 24.0 | 24.4 | 24.9 | 23.4 | കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| Cloudy | Cloudy | Cloudy | Partially Cloudy | Cloudy | Cloudy | Cloudy | AM — മേഘ വ്യാപ്തി (ഒക്ടാ) | Overcast | Cloudy | Overcast | Overcast | Overcast |
| Partially Cloudy | Cloudy | Partially Cloudy | Partially Cloudy | Partially Cloudy | Cloudy | | PM | | | | | |
| 95 | 95 | 93 | 97 | 95 | 96 | 95 | കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 92 | 94 | 95 | 87 |
| 65 | 68 | 70 | 65 | 67 | 67 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 71 | 75 | 78 | 80 | 68 |
| 2.0 | 2.4 | 2.3 | 2.1 | 2.1 | 1.9 | 2.2 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 4 | 4 | 3 | 3 |
| C | C | C | C | C | C | C | AM — കാറ്റിന്റെ ദിശ (ഡിഗ്രി) | NW | WNW | NW | WNW | WNW |
| N | WSW | W | NW | WSW | WNW | | PM | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2023 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/06/23 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 17.5 | 1093.4 | 959.8 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ മഴയുടെ തീവ്രത കുറഞ്ഞു വരാൻ സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് –വിരിപ്പ് (ചിനപ്പ് പൊട്ടുന്ന പരുവം) | ബാക്ടീരിയൽ ഇലകരിച്ചിൽ | മഴക്കാലത്ത് നെല്ലിൽ കാണുന്ന ബാക്ടീരിയൽ ഇലകരിച്ചിൽ രോഗത്തിന് മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക. |
| | - | ചിനപ്പ് പൊട്ടുന്ന പരുവത്തിൽ ഒരേക്കർ നെല്പാടത്തിന് 15 കിലോഗ്രാം യൂറിയ, 8 കിലോഗ്രാം പൊട്ടാഷ് എന്ന തോതിൽ രാസ വളങ്ങൾ ഇട്ടുകൊടുക്കാവുന്നതാണ് . |
| തെങ്ങ് | - | മഴക്കാലത്തു തടം തുറന്ന ഓരോ വലിയ തെങ്ങിനും 25 മുതൽ 50 കിലോഗ്രാം വരെ ജൈവവളം ഇട്ടുകൊടുക്കാവുന്നതാണ് . |
| ഇഞ്ചി | മൂട് ചീയൽ | ഇഞ്ചിയിൽ പിത്തിയം എന്ന കുമിൾ ഉണ്ടാക്കുന്ന മൂട് ചീയൽ തടയാനായി രോഗം വന്ന ചെടികൾ പിഴുതു കളയുകയും, കോപ്പർ ഓക്സിക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ മണ്ണിൽ ഒഴിച്ച് കൊടുക്കുകയും ചെയ്യാം. |

മൃഗസംരക്ഷണം:- കാലി തീറ്റ ചാക്കുകൾ മരപ്പലകയുടെയോ ഇരുമ്പുപ്പലകയുടെയോ മുകളിൽ സൂക്ഷിക്കുക. കാലി തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷ ബാധയ്ക്ക് കാരണമാകും. കന്നുകാലികൾക്ക് കാൽമുടന്തോ, പനിയോ കണ്ടാൽ ഉടനടി വൈദ്യസഹായം തേടുക. (CAADECCS KVASU, Mannuthy).